21482
20/12/16

കേരള സർക്കാർ

സംഗ്രഹം

ആ.ക.വ – മെ.വി.വ – ജീവനക്കാര്യം - മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് അഡ്വൈസ് ലഭിച്ച പോസ്റ്റ് ഗ്രാജ്വേഷൻ പൂർത്തീകരിച്ച ഡോക്ടർമാരിൽ നിന്നും പുതുക്കിയ ഓപ്ഷൻ സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആരോഗ്യകുടുംബക്ഷേമ(എസ്) വകുപ്പ്

സ.ഉ(എം.എസ്) നം.226/2016/ആ.ക.വ തിരുവനന്തപുരം,തിയതി 24.12.2016

പരാമർശം : മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 26.11.2016 തിയതിയിലെ ജി2/35150/2016/മെ.വി.വ നമ്പർ കത്ത്

**ഉത്തരവ്**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 26 വകുപ്പുകളിലെ ലക്ചറർ നിയമനത്തിനായി കേരളാ പബ്ലിക് സർവീസ് കമ്മീഷൻ കാറ്റഗറി നമ്പർ 244/2011 പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് 2016 - ൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. എന്നാൽ 2011 – ൽ പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ റാങ്ക് പട്ടിക പുറപ്പെടുവിച്ചത് 2016 ലായതിനാൽ ഇക്കാര്യത്തിൽ വലിയൊരു കാലതാമസം സംഭവിച്ചിട്ടുണ്ടെന്നും ഇക്കാലയളവിൽ റാങ്ക് ലിസ്റ്റിലുൾപ്പെട്ട പലരും പോസ്റ്റ് ഗ്രാജ്വേഷൻ പൂർത്തീകരിച്ചിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. പരാമർശിത റാങ്ക് പട്ടികയിൽ നിന്നും ലക്ചറർ തസ്തികയിൽ നിയമനം നൽകുന്നതിനായി കേരളാ പബ്ലിക് സർവീസ് കമ്മീഷൻ, ബയോകെമിസ്ട്രി, ഫിസിയോളജി, കമ്മ്യൂണിറ്റി മെഡിസിൻ, നെഫ്രോളജി എന്നീ വകുപ്പുകളിലെ ഒഴിവുകളിലേക്കായി 39 പേർക്ക് അഡ്വൈസ് നൽകിയിട്ടുണ്ടെന്നും എന്നാൽ ടിയാളുകൾ മറ്റ് വിഷയങ്ങളിൽ പോസ്റ്റ് ഗ്രാജ്വേഷൻ നേടിയവരായതിനാൽ ആവശ്യകതയ്ക്കനുസരിച്ച് ടിയാളുകളെ മറ്റ് വിഭാഗങ്ങളിലേക്ക് മാറ്റി നിയമിക്കാവുന്നതാണെന്ന് പി.എസ്.സിയുടെ അഡ്വൈസിൽ വ്യക്തമാക്കുന്നുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കത്തിൽ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ടിയാളുകൾക്ക് പോസ്റ്റ് ഗ്രാജ്വേഷൻ നേടിയ വിഭാഗങ്ങളിൽ നിയമനം നൽകുന്നതിന് പകരം മറ്റ് വിഭാഗങ്ങളിൽ നിയമനം നൽകുന്നത് അർത്ഥശൂന്യമാണെന്നും അണ്ടർ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്മെഡിക്കൽ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച് മെഡിക്കൽ കൗൺസിലിന്റെ ഇൻസ്പെക്ഷൻ അടുത്ത മാസങ്ങളിലുണ്ടാകാനിടയുള്ളതിനാൽ ഒഴിഞ്ഞു കിടക്കുന്ന പോസ്റ്റുകൾ നികത്തേണ്ടതുണ്ടെന്നും ആയതിനാൽ ടിയാളുകളുൾക്ക് അവർ പോസ്റ്റ് ഗ്രാജ്വേഷൻ നേടിയ വിഭാഗങ്ങളിൽ നിയമനം നൽകുന്നത് അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കത്തിൽ

..........2

ശുപാർശ ചെയ്യുന്നുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ 26 വകുപ്പുകളിലെ ലക്ചറർ നിയമനത്തിനായി കേരളാ പബ്ലിക് സർവീസ് കമ്മീഷൻ പുറപ്പെടുവിച്ചിരിക്കുന്ന റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നവരിൽ നിന്നും പുതുക്കിയ ഓപ്ഷൻ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നതും പ്രസ്തുത ഓപ്ഷന്റെ അടിസ്ഥാനത്തിൽ, ഒഴിവുകളുള്ള പക്ഷം, അതത് വകുപ്പുകളിൽ ടിയാളുകൾക്ക് നിയമനം നൽകുന്നതുമാണ്.

ബി) ഇത്തരത്തിൽ നിയമനം ലഭിക്കുന്നവരിൽ പോസ്റ്റ് ഗ്രാജ്വേഷൻ പൂർത്തീകരിച്ചവരെ അസിസ്റ്റന്റ് പ്രൊഫസറായി റീ ഡസിഗ്നേറ്റ് ചെയ്യുന്നതും ടിയാളുകളുടെ സീനിയോറിറ്റി 2009 ന് ശേഷം അസിസ്റ്റന്റ് പ്രൊഫസറായി റീ ഡസിഗ്നേറ്റ് ചെയ്യപ്പെട്ടവർക്ക് നൽകിയിരിക്കുന്ന അതേ രീതിയിൽ കണക്കിലെടുക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
മനു.ബി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരളാ പബ്ലിക് സർവീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖക്കത്ത് സഹിതം)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എല്ലാ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർക്കും (മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്),, കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരളം, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്
പകർപ്പ് - ആരോഗ്യവും കുടുംബക്ഷേമവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ